## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1933

16.02.2016-ൽ മറുപടിയ്ക്ക്.

### സ്മൈൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.സി.പി.മുഹമ്മദ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |
| (എ) സ്മൈൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിരമായി പ്രഥമ ശുശ്രൂഷ നൽകുന്നതിലൂടെ റോഡപകടങ്ങൾ മൂലമുള്ള മരണ നിരക്ക് കുറയ്ക്കുക, അപകടത്തിൽപ്പെടുന്നവർക്ക് അംഗവൈകല്യം കുറയ്ക്കുക, വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് പ്രാഥമിക ചികിത്സ നൽകി പരിക്ക് പറ്റിയവരെ എത്രയും പെട്ടെന്ന് തന്നെ ആശുപത്രിയിൽ എത്തിക്കുവാൻ പോലീസിനെ പ്രാപ്തരാക്കുക, പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിച്ച് അത്യാഹിതങ്ങൾ കുറയ്ക്കുക വഴി വാഹനാപകടത്തിൽപ്പെടുന്നവരെ സഹായിക്കുക എന്നിവയാണ് സ്മൈൽ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (സി) മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് ലഭ്യമാക്കാൻ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിന്റെ സ.ഉ(ആർ.റ്റി) 782/15/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം |

സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഡോ.മുഹമ്മദ് അഷീലിനെ സ്മൈലിന്റെ സ്റ്റേറ്റ് നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

വാഹനാപകടത്തിൽപ്പെടുന്നവരെ പ്രാഥമിക ചികിത്സ നൽകി ഉടൻ തന്നെ ആശുപത്രികളിൽ എത്തിക്കുന്നതിന് വേണ്ടി ട്രോമകെയർ ട്രെയിനിംഗ്, ബന്ധപ്പെട്ട മെഡിക്കൽ കോളേജിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ പോലീസ് സേനാംഗങ്ങൾക്ക് നൽകുന്നുണ്ട്. റോഡപകടങ്ങൾ ഉണ്ടായാൽ ഉടൻ തന്നെ സ്ഥലത്ത് എത്തി പ്രഥമ ശ്രുശ്രൂഷയും അടിയന്തിര വൈദ്യസഹായവും ലഭ്യമാക്കുന്നതിന് ഹൈവേ പട്രോൾ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. അപകടങ്ങളെക്കുറിച്ചുള്ള വിവരം അറിയിക്കുന്നതിനു വേണ്ടി 1099 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ